# കൗതുകച്ചെപ്പ്

## സ്കൂൾ മാഗസിൻ

2018-19

ലിറ്റിൽകൈറ്റ്സ്

ജി എച്ച് എസ് എസ് പട്ടിക്കാട്

# ആമുഖം

പൊതുവിദ്യാഭ്യാസരംഗം ചടുലമാക്കുന്നതിനും ഡിജിറ്റല് സാങ്കേതികവിദ്യ ഓരോ കുട്ടിക്കും ലഭ്യമാക്കുന്നതിനുമായി ഐ.ടി.@ സ്കൂളിന്റെ നേതൃത്വത്തില് നടപ്പിലാക്കിയ സംവിധാനമാണ് ലിറ്റില് കൈറ്റ്സ്. വിരല്ത്തുമ്പില് വിസ്മയങ്ങൾ തീർക്കുന്ന വിഭാതങ്ങളെ വരവേൽക്കുന്ന ആധുനികലോകത്തിന്റെ ഡിജിററൽ അക്ഷരക്കൂട്ടയിലേക്ക് ഞങ്ങളും അണിചേരുകയാണ്. പഠനപ്രവർത്തനങ്ങളുടെ ഭാഗമായി രൂപംകൊണ്ട സർഗ്ഗാത്മകരചനകൾ ആധുനിക സാഹിത്യലോകത്തിലേക്കുള്ള കൽപ്പടവുകളാകട്ടെ. വൈജ്ഞാനികമേഖലയുടെ വെന്നിക്കൊടി പാറിപറക്കുന്ന ആധുനിക ഇന്ത്യയുടെ നവമുകുളങ്ങളായി പരിണമിക്കട്ടെ.

എഡിററർ

# ഇതളുകൾ



- സന്ദേശം
- ചരിത്രം ഉറങ്ങുന്ന  ശക്തൻ മ്യൂസിയം
- രാത്രിവർണന
- ഓണം
- കുലി
- ഒരു ചിത്രം
- പുഴ പറയുന്നു
- മലയാളവും മായം കലർന്ന ഭക്ഷണവും
- ശിശുദിനം
- വാഴ്ത്താരി
- സ്നേഹസ്പർശം
- എന്റെ കേരളം
- പ്രകൃതിയെന്ന അമ്മ
- സൂര്യനെ വെറുത്ത പെണ്കുട്ട
- ബുദ്ധിയുളള കഴുത
- മറന്നുപോയ വഴിയെ
- മൃഗങ്ങളും ആംഗലേയനാമങ്ങളു
- *എന്റെ മുറ്റത്തെ നന്മമരം*

# സന്ദേശം

കേരള ഇൻഫ്രാസ്ട്രക്ച്ർ ടെക്നോളജി ഫോർ എഡ്യുക്കേഷന്റെ ഭാഗമായി ''ലിറ്റിൽ കൈറ്റ്സ്'' എന്ന പേരിൽ ഐ. ടി @ സ്കൂളിലൂടെ തുടങ്ങിയ ഈ പുതിയ സംരംഭം എട്ടാം ക്ലാസ്സിലെ തിരഞ്ഞെടുത്ത 29 കുട്ടികൾക്ക് അനിമേഷൻ , സൗണ്ട് ആന്റ് വീഡിയോ എഡിറ്റിങ്ങ്, ഹാഡ് വെയർ പരിശീലനം , ക്യാമറ പരിശീലനം , ഗ്രാഫിക്സ്, ഷോർട്ട് ഫിലിം നിർമ്മാണം തുടങ്ങിയ സാങ്കേതിക വിദ്യകളിൽ പരിശീലനം നല്കികൊണ്ട് 'വിദ്യാലയങ്ങളിലൂടെ വിദ്യാർത്ഥികളിലേക്ക് ' എന്ന മഹത്തായതും ബൃഹത്തായതുമായ ഈ കർമ്മ പദ്ധതി' വൈജ്ഞാനിക മണ്ഡലത്തിലെ നാഴികക്കല്ലായി തീരുമെന്നതിൽ സംശയമില്ല. അങ്ങനെ ഐ. ടി സാങ്കേതിക വിദ്യയിൽ മികവുള്ള ഒരു കൂട്ടം വിദ്യാർത്ഥികൾക്ക് സ്വന്തം വിദ്യാലയത്തിനും സമൂഹത്തിനും സേവനം ചെയ്യാനും ഈ പദ്ധതി കൊണ്ട് ഇടവരട്ടെ എന്ന് ആശംസിക്കുന്നു.

ജോസ്റ്റീന ജോസഫ്

പ്രധാന അദ്ധ്യാപിക , ജി എച്ച് എസ്എസ് പട്ടിക്കാട്

# ചരിത്രം ഉറങ്ങുന്ന ശക്തൻ മ്യൂസിയം



തൃശ്ശൂർ ഭരിച്ചിരുന്ന രാമവർമ ശക്തൻ തമ്പുരാൻ വാണിരുന്ന അന്നത്തെ കൊട്ടാരമാണ് ഇന്നത്തെ ശക്തൻ മ്യൂസിയം. അന്നത്തെ കാലത്ത് ഉപയോഗിച്ചിരുന്ന എല്ലാ സാധനങ്ങളും അവിടെ ഉണ്ട്. അടുക്കള ഉപകരണങ്ങൾക്ക് മാത്രമായി അവിടെ ഒരു ഗ്യാലറിയുണ്ട്. അവിടെയുള്ള ശില്പ ഗ്യാലറി ഏവരെയും ആകർഷിക്കുന്നതാണ്. അക്കാലത്ത് ആരാധിച്ചിരുന്ന ദേവിദേവൻമാരുടെ ശില്പങ്ങൾ അവിടെയുണ്ട്. ചിത്രഗ്യാലറിയിൽ ശക്തൻതമ്പുരാന്റെ ചിത്രങ്ങൾ പ്രദർശിപ്പിച്ചിട്ടുണ്ട്. നന്നങ്ങാടി,കുടക്കല്ല്, വീരക്കല്ല് എന്നിവ അവിടെ കാണാം. അന്നത്തെ നാണയങ്ങളുണ്ടാക്കാൻ ഉപയോഗിച്ചിരുന്ന കമ്മട്ടം അവിടെയുണ്ട്. ശക്തൻ തമ്പുരാൻ ഉപയോഗിച്ചിരുന്ന പള്ളിയറ അവിടെ കാണാം. ഏവരെയും ആകർഷിക്കുന്ന ഒന്നാണ് ശക്തൻമ്യൂസിയം.

*അനുശ്രീ രമേശ് 7B*

# രാത്രി വർണ്ണന



അമ്പിളിക്കല പൊൻതിടമ്പ വഹിച്ച് കരിങ്കൊമ്പനാനയെപോല രാത്രി വരുകയാണ. മാനും മുയലും ഉറങ്ങി തുടങ്ങിയിരിക്കുന്നു. കാട്ടുറങ്ങുന്നു. ആറും കടലും ഇരമ്പങ്ങളും ഇളക്കങ്ങളും ഇല്ലാതെ മയങ്ങിക്കഴിഞ്ഞിരിക്കുന്നു. തടാകങ്ങളിൽ മീനുകൾ മിഴിപൂട്ടിക്കഴിഞ്ഞു. പകലിന്റെ പ്രഭാകരൻ നീലക്കായലിന്റെ സ്വപ്നമായിക്കഴിഞ്ഞു. പക്ഷിളും കിളിപ്പാട്ടും കൂട്ടുകളിൽ ചേക്കേറി. അക്ഷരങ്ങളും അറിവുകളും പുസ്തകത്താളുകളിൽ മയങ്ങിത്തുങ്ങി. രാവിന്റെ പൂരമായി താരാജാലം വിളങ്ങുന്നു. ചാറ്റൽ മഴയുടെ സംഗീത സാന്ദ്രമായ താരാട്ട്കേൾക്കാം. രാത്രിയുടെ നീലിമയാർന്ന ആകാശം പീലിവിടർത്തി നിൽക്കുന്ന മയിലിനെപ്പോലയാണ. മലനിരകളുടെയും വൃക്ഷതലപ്പുകളുടേയും നിഴൽകലർന്ന ആകാശക്കാഴ്ച മയിലാട്ടം പോലെയാണ.

നിരഞ്ജന. വി. ബി. 6C

# ഓണം

ഓണം കേരളീയരുടെ ദേശീയോൽസവമാണ്.ചിങ്ങമാസത്തിലെ തിരുവോണനാളിലാണ് ഓണം ആഘോഷിക്കുന്നത്.അത്തം മുതൽ പത്ത് ദിവസം വരെ നീണ്ട് നിൽക്കുന്ന ആഘോഷങ്ങളാണ് ഓണത്തിനുള്ളത്.

പൂക്കുടയുമായി പാടിനടക്കുന്ന കുട്ടികളും പൂക്കളം തീർക്കുന്ന പുലർവേളകളും ഓണക്കാലത്തെ ഓർമ്മിപ്പിക്കുന്നു.മുറ്റത്തെ പൂക്കളങ്ങൾ വീടിന് ഐശ്വര്യം നൽകുന്നു.ഓണമെന്ന് കേൾക്കുമ്പോൾ ഓണക്കോടിയെ ഓർക്കാത്തവരുണ്ടോ?ഓണക്കോടി എന്നും ഒരു ആവേശമാണ്.ഓണക്കോടി സ്നേഹത്തിന്റെയും പങ്കുവയ്ക്കലിന്റെയും മധുരമാണ്.ഓണസദ്യയെ മറക്കുന്നവരുണ്ടോ



ആവണി

# കൂലി

നിത്യജീവിതത്തിൽ അന്നന്ന് പണിയെടുത്ത്
ജീവിക്കുന്ന ഒരാളാണ് ഭാസ്കരൻ .ചുമട്ടു തൊഴിലാളിയാണ് ഭാസ്കരൻ .
കൂലി എന്ന നാമത്തിലാണ് പണിസ്ഥലങ്ങളിൽ
അറിയപ്പെടുന്നത്. അന്നന്നത്തെ
ഉപജീവനത്തിനായി അതികഠിനമായ
ചുമടുകളാണ് ഇയാൾ എടുത്തിരുന്നത്. വളരെ
തുച്ഛമായ കൂലിയാണ് അയാൾക്ക് ദിവസവേതനമായി ലഭിച്ചിരുന്നത്.
വളരെ അവശനായ ഒരാളായിരുന്നു ഭാസ്കരൻ .വിശന്ന് തളർന്ന്
അവശനായ് റെയിൽവേ സ്റ്റേഷനിൽ ഇരുന്ന ഇയാളെ ആരോ വിളിച്ചു
"ഏയ് കൂലി". ആദ്യം അയാൾ ശ്രദ്ധിച്ചില്ലെങ്കിലും പിന്നീട് അയാൾക്ക്
മനസ്സിലായി, ആ കോട്ടും സൂട്ടും ഇട്ട്നിൽക്കുന്ന യജമാൻ
തന്നെനോക്കിയാണ് വിളിക്കുന്നത് എന്ന് .ബോധ്യമായി ആ കണ്ണുകൾ
തിരക്കുന്നത് തന്നെ തന്നെയാണ് .



വിശന്നിരിക്കുന്ന തനിക്കു മുൻമ്പിൽ ആരോ വെച്ചു നീട്ടിയ ഭക്ഷണം
പോലെ അയാൾക്ക് തോന്നി. ഇത്രയും ചുമടുകൾ എടുക്കാൻ തനിക്ക്
ആകുമോ എന്ന് എനിക്ക് അറിയില്ല . എന്നാലും തന്റെ വിശപ്പ് ആ
ചുമടുകൾചുമക്കാൻ അയാളെ പ്രേരിപ്പിച്ചു. തന്റെ അവശതയെ മറന്ന്
അത് ചുമലിലേറ്റി .തനിക്ക് അന്നത്തെ അന്നത്തിനുള്ള കാശ് യജമാൻ
നീട്ടി. ഒരു വിറയിലിലൂടെയും അവശതയിലൂടെയും അയാൾ അത്
കയ്യിൽ ഇറുക്കി പിടിച്ചു. തനിക്ക് ഒരു നേരത്തെ അന്നം ലഭിക്കുവാൻ
അന്നു മുതൽ അയാൾ ഒരു ചുമട്ടു തൊഴിലാളിയായി മാറി. സ്വന്തം നാമം
തന്നെ അയാളും ജനങ്ങളും മറന്നു. പിന്നീട് "കൂലി " എന്ന
അപരനാമത്തിൽ അയാൾ അറിയപ്പെട്ടു.

ഏഞ്ചൽ റിയ റോയ്

# ഒരു ചിത്രം

കാലത്ത് ,അമ്മ പശുവിനെ കറക്കാൻ

പോകുമ്പോൾ കണ്ണനും പിന്നാലെ പോയി . അമ്മ പശുവിനെ കറക്കുമ്പോൾ കണ്ണന് വലതുവശത്ത് അമ്മയുടെ മേൽ ചാരി നിൽക്കുകയാണ്.അമ്മ പശുവിനെ കറക്കൽ

നിർത്തി.രത്നങ്ങൾപതിപ്പിച്ച വളയിട്ട, വലത്തു കൈയാൽ

കണ്ണനെ കെട്ടിപ്പിടിച്ചു.നല്ല ഭംഗിയുള്ള പാത്രത്തിൽ അപ്പോൾ തന്നെ എനിക്ക് നറുച്ചൂടുപാൽ വേണം

എന്നാണ്പറയുന്നത്.ആ നറുച്ചൂടുപാൽ  കണ്ണന്

നൽകിയപ്പോൾ വളരെ സന്തോഷമായി. താമരയിതൾ

പോലയാണ്  കണ്ണന്റെ കണ്ണുകൾ.
ആ മനോഹരമായ മുഖത്ത് പുഞ്ചിരി വിടരുന്നത്

കാണുമ്പോൾ ആർക്കായാലും ഉമ്മ വെക്കാൻ തോന്നും.
അങ്ങനെ കെട്ടിപ്പിടിക്കാൻ അവസരം കിട്ടുന്നവർക്ക് ദൈവത്തിൽ നിന്നുള്ള വലിയൊരു അനുഗ്രഹമുണ്ടാകും

***ഷാനിയ***



# പുഴ പറയുന്നു



\ നീലിമ ചൂടിനിൽക്കുന്ന

നീലാകാശത്തിന്റെ മാറു ചുരന്നു
നീ ഒഴുകി വന്ന ദേവസുന്ദരിയെ
നിന്റെ വർണ്ണം ഇന്ന് എവിടെ പോയി
നിൻ മനം കറുത്തുവോ...!
അതോ കറുപ്പിച്ചതോ...!
ആർത്തി പൂണ്ട മനുഷ്യനും
അതിർത്തിയില്ലാത്ത മോഹവും
നിനെ വേട്ടയാടിയല്ലെ
മാലിന്യം നിറഞ്ഞ നിന്റെ
ഈ മുഖം തിളങ്ങുമോ?
നിൻ ഭംഗിയാൽ
പൂക്കുമോ...പൂക്കാതിരിക്കുമോ.
പൂകിമരിക്കുമോ...?
ഓർക്കുക മർത്യാ നീ
എനിക്കുമുണ്ടൊരു കാലം
പൂക്കുമീ ഈ കാലം
വീണ്ടും നിറയോടെ..!

രെൻജിൽ.റെജി**9B**

# മലയാളിയും മായം കലർന്ന ഭക്ഷണവും

ലോകത്ത് ദാരിദ്ര്യം കൊണ്ട് മരിക്കുന്നവരുടെ എണ്ണം വർഷം തോറും 1.8 കോടിയാണ് . ഏതാണ്ട് അത്രയും പേർ ഭക്ഷണം കഴിച്ച് മരിക്കുന്നുണ്ട് . മായംചേർന്ന ഭക്ഷണങ്ങളുണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങളാണ് ഈ മരണങ്ങൾക്ക് പിന്നിലുളളതെന്ന് നാം ഓർക്കണം. മായം മായം സർവ്വത്ര മായം. എന്താണ് മായം ? ഒരു ഭക്ഷ്യവസ്തുവിന്റെ ആയുസ്സ്, നിറം, വലിപ്പം ,ഗുണം, അളവ് ഇവയൊക്കെ നഷ്ടപ്പെടുത്തികൊണ്ട് പരിവർത്തനപെടുത്തുന്നതാണ് മായം ചേർക്കൽ .എന്തിലും ഏതിലും ലാഭം ഉണ്ടാക്കാനുള്ള മനുഷ്യന്റെ അത്യാഗ്രഹമാണ് ഈ മഹാവിപത്തിന്റെ ലക്ഷ്യം. ഉൽപാദനത്തിലും വിതരണത്തിലും മായമെന്ന മാന്ത്രികൻ കയറിക്കൂടാ.



സിന്റാ മത്തായി

*6C*



ശിശുദിനം

## ശിശുദിനം

എന്റെ കുട്ടിക്കാലം ഒരു തരത്തിൽ പറഞ്ഞാൽ ജയിൽവാസമായിരുന്നു . പറയത്തക്ക കൂട്ടുകാരൊന്നും എനിക്കുണ്ടായിരുന്നില്ല. സ്കൂളിൽ പോകാനുള്ള അവസരം പോലും ഉണ്ടായിരുന്നില്ല അധ്യാപകരെ വീട്ടിൽ വരുത്തിപഠിപ്പിക്കുകയാണ് ചെയ്തിരുന്നത്. കൂട്ടിലിട്ട ഏകാകിയായിരുന്നു ഞാൻ. കുട്ടികളുടെ ചാച്ചാജിയായ ജവഹർലാൽ നെഹ്റുവിന്റെ ആത്മകഥയിലെ ഏതാനും വരികളാണിവ.

ബാല്യംനഷ്ടപെട്ടവന്റെ ആത്മരോധനമാണിത്.

അതുകൊണ്ട് തന്നെ, തനിക്ക് നഷ്ടപെട്ട ബാല്യം കുട്ടികൾക്ക് ലഭിക്കണമെന്ന് അദ്ദേഹം ഏറെ ആഗ്രഹിച്ചിരുന്നു.കുട്ടികളെ അത്യധികം സ്നേഹിക്കുകയും ലാളിക്കുകയും ചെയ്ത ഇന്ത്യയുടെ പ്രഥമ പ്രധാന മന്ത്രി .കുട്ടികൾ ബഹുമാനപൂർവ്വം 'ചാച്ചാജി'

യെന്ന് വിളിച്ച ജവഹർലാൽ നെഹ്റു.

കുട്ടികളുടെ ഭാവിയെക്കുറിച്ചുള്ള കരുതലുകൾക്ക് പ്രാധാന്യം നൽകിയ കിരീടം വയ്ക്കാത്ത രാജാവ്.

അദ്ദേഹത്തിന്റെ ജന്മദിനമായ നവംബർ 14-നാണ് നാം ശിശുദിനമായി ആഘോഷിക്കുന്നത്. എല്ലാവർക്കും ശിശുദിന ആശംസകൾ. " ഓരോ ശിശുവും ഈശ്വരന്റെ പ്രതിബിംബമാണ്" ' എന്ന രവീന്ദ്രനാഥടാഗോറിന്റെ വചസ്സുകൾ ഓരോ ശിശുവിനെയും ആഹ്ളാദ പുളകിതരാക്കും. എന്നാൽ ,ഇത്തിരി ദയ , അതിനുവേണ്ടി ദാഹിക്കുന്ന ലക്ഷക്കണക്കിന് കുട്ടികൾ ലോകത്തുണ്ട്.

വീടില്ലാത്തവർ,അച്ഛനമ്മമാരില്ലാത്തവർ,ഒരു നേരത്തെ ആഹാരത്തിനായ് കൈനീട്ടുന്നവർ എന്നിങ്ങനെ എത്രയെത്ര ശിശുക്കളാണ് ഭരതമണ്ണിലുള്ളത്. അതെ,ചാച്ചാജിയുടെ സ്വപ്നങ്ങൾക്ക് മങ്ങലേറ്റിരിക്കുന്നു.ഇന്നത്തെ കുട്ടികൾ നാളത്തെ പൗരന്മാരാണ്.നാളത്തെ പൗരന്മാർക്ക് നല്ലവരായി വളർന്ന് വരാൻവേണ്ട സാഹചര്യങ്ങളും സഹായങ്ങളും ഉണ്ടാക്കിക്കൊടുക്കുന്ന കാര്യത്തിൽ ചാച്ചാജി അതീവ ശ്രദ്ധാലുവായിരുന്നു.'ബാൽ സ്വച്ഛ് ഭാരത് അഭിയാൻ' എന്ന പദ്ധതി അതിന് ഉത്തമ ഉദാഹരണമാണ്. സന്തോഷത്തിൽ കളിയാടുന്ന ശാന്തിമുഹൂർത്തമാണ് ശിശുദിനം. ശിശുക്കളെയും പനനീർപ്പൂക്കളെയും അകമഴിഞ്ഞ് സ്നേഹിച്ച പ്രകൃതിസ്നേഹിയും മാനവസ്നേഹിയുമായ ചാച്ചാനെഹ്റുവിന് സ്മരണാഞ്ജലി.

**ആൽഫ ജോസഫ്**

## തോണിതുഴയൽ

ഏലേലയ്യാ ഏലേലം
ഓ ഐലസ്സാ, ഐലസ്സാ
തിത്തിത്താരത്തിത്തിതെയ്യ് തിത്തെയ് തക
തെയ് തെയ് തോം .

## ഞാറുനടീൽ

തെയ്യകം തെയ്യകം തെയ്യകം താരാ
തെയ്യതിനന്തിനം തെയ്യകം താരാ
തന്താനെ തന്താനെ തക തന്താനെ തന്താനെ.

## കൊയ്ത്ത്

തെയ്യകം തിന്തിമി തെയ്യകം താര
തെയ്യകം തിന്തിമി തെയ്യകം താര
തന്നാനെ താര താനനം താര
തന്നാനെ താര താനനം താര

നൗഷാദ്

# സ്നേഹസ്പർശം

ഒരു പൂങ്കാറ്റായ് നീ
എന്നരികിൽ വന്ന നാൾ
ഓർക്കുന്നു ഞാൻ
ആ മന്ദമാരുതനേറ്റു
കുളിർന്ന് പോയ് നിമിഷം
ഓർമയിൽ സൂക്ഷിച്ച
പൂങ്കാറ്റേ നീ പോയ്
മറഞ്ഞതെന്തേ നിൻ
സുഗന്ധപൂരിതമാം മന്ദമാരുതനേറ്റ്
എൻ മനം കുളിർക്കാൻ കൊതിക്കുന്നു
സ്നേഹത്തിൻ പൊന്നൂഞ്ഞാൽ പൊയ്കയിൽ
ഞാൻ നിന്നെ തേടി
പക്ഷെ എവിടയൊ നിന്നെ
എനിക്ക് നഷ്ടമായ് എന്നു മനസ്സിലാക്കവേ
തകർന്നു എൻ മനസ്സും ധൈര്യവും എല്ലാം

**മുഫസ്സിന.വി.എം 9A**





# പ്രകൃതിയെന്ന അമ്മ

'**അമ്മ** 'എന്നാൽ എന്താണ് എന്നു ചോദിച്ചാൽ ആരും പറയുന്ന ഒരു കാര്യമാണ് പെറ്റ അമ്മയെന്ന്. നമ്മുടെ അമ്മയെപോലെയാണ് അല്ല, അമ്മ തന്നെയാണ് പ്രകൃതി. നമ്മുടെ അമ്മ നമ്മളെ ശുശ്രൂഷിക്കുന്നതുപോലെ പലകാര്യത്തിലും നമ്മളെ ശുശ്രൂഷിക്കുകയാണ പ്രകൃതി. നമ്മുടെ പ്രകൃതിയുടെ വരദാനമായ മരങ്ങളും, ചെടികളും, മലകളും, നദികളും, എന്നു വേണ്ട എല്ലാ വസ്തുകളും നമ്മുക്ക് അമ്മ തന്ന അനുഗ്രഹമാണ്. .മലകൾ ഇടിച്ചും പുഴകൾ നികത്തിയും നമ്മൾ അമ്മയെ വിഷമിപ്പിക്കുകയാണ് .ഒരിക്കലും നമ്മൾ ചെയുന്ന ഇത്തരം പ്രവൃത്തികൾ നല്ലതല്ല. നമ്മൾ ഇത്തരം പ്രവൃത്തി ചെയുന്നതു കൊണ്ടാണ് ഒരോ പ്രകൃതി ദുരന്തവും ഉണ്ടാകുന്നത്.
പ്രളയം, സുനാമി, ഭൂചലനം, വരൾച്ച എന്നിവയുടെ കാരണക്കാർ നമ്മൾ തന്നെയാണ്. അതിനാൽ ഇനി മുതൽ നമ്മൾ ഒരു പ്രതിജ്ഞ എടുക്കുക.

''ഇനി ഒരിക്കലും പ്രകൃതിമാതാവിനെ നശിപ്പിക്കും വിധം ഒന്നും ചെയ്യില്ല.''

ആയുഷി

# സൂര്യനെ വെറുത്ത പെൺകുട്ടി



ഞാൻ വായിച്ച പുസ്തകത്തിന്റെ പേരാണ്സൂര്യനെ വെറുത്തപെൺകുട്ടി. നമുക്ക് ചുറ്റും നാം കാണുകയും അതേസമയം അറിയാതെ പോവുകയും ചെയ്യുന്ന വിവിധ തരംജീവികളുണ്ട്.അവയുടെ ആകൃതി രൂപം,പെരുമാറ്റം എന്നിവ നമ്മിൽ കൗതുകമുണർത്തുന്നു.അവ നമ്മെ അത്ഭുതപ്പെടുത്തുകയുംചിന്തിപ്പിക്കുകയും ചെയ്യാറുണ്ട്.നമ്മുക്ക് കണ്ടുപിടിക്കാൻ തക്കവിധം ഒരുപാട് ഗുണങ്ങൾ ജീവികൾ പ്രകടിപ്പിക്കുന്നു .

ഈ ഭൂമിയിൽ നമ്മെപ്പോലെ ജീവിക്കാനുള്ള അവകാശം അവയ്ക്കുണ്ട്.എന്നാൽ നാം അവയുടെ ജീവിക്കാനുള്ള അവകാശത്തിനു കടയ്ക്കൽ കത്തിവയ്ക്കുകയാണ്.ആരും കൈവയ്ക്കാനറയ്ക്കുന്ന ഏതു ശാസ്ത്ര വിഷയവും ലളിതമായ ഭാഷയിൽ എഴുതി അവതരിപ്പിക്കാൻ കഥാകൃത്തിന് സാധിച്ചിട്ടുണ്ടെന്ന് ഈ പുസ്തകം വായിച്ചൽ നിങ്ങൾക്ക് മനസ്സിലാവും

അനുശ്രീ രമേഷ്

***7B***

# മറന്ന്പോയ വഴിയെ

മറന്ന്പോയ വഴിയെ



ഞാൻ വീണ്ടും നടക്കുന്നു എൻ അമ്മെ
നിൻ കാലടി പിടിച്ച ഞാൻ നടന്ന
വഴിയെ
ഇന്ന് ദുഖം ഓടി വരുന്നു തായെ
മറക്കില്ല ഞാൻ മറക്കില്ല
കണിവെച്ച കോവിലകത്തെ
ഇരുൾ മൂടിയ മുറിയിൽ ഞാൻ ഇരിക്കുന്നു
അമ്മെ വരിക.... വേഗം..... വരീക
അമ്മ എന്ന രണ്ട്അക്ഷരത്തിനുള്ളിൽ ഞാൻ
മയങ്ങുന്നു ഒരു മാൻ പേടയെപ്പോലെ
എവിടെയെന്നറിയാതെ നന്നുമയങ്ങുന്നു
ഞാൻ നിൻ മടിത്തട്ടിൽ
സ്നേഹം താരകങ്ങളായി പൂമഴച്ചെരിയുമ്പോൾ
എൻ മനം നിൻ രൂപത്താൽ നിറയുന്നു തായേ
അമ്പലത്തിലെ ദേവിക്കുമുന്നിൽ ഇന്നു ഞാൻ
നിൻ മുഖം കാണുന്നു ജനനി
അമ്മേ... വേഗം.... വരിക....
മറന്നു പോയ വഴിയെ

ഞാൻ വിണ്ടും നടക്കുന്നു എൻ അമ്മേ....!

നൗഫിയ

# ANIMALS NAMES

| Malayalam names | English names |
|---|---|
| പഞ്ചവർണ്ണ തത്ത | Alexandrine parakkeet |
| ആഫ്രിക്കൻ ചാര തത്ത | African grey parrot |
|  കന്യാസ്ത്രീ കൊക്ക് | White necked stork |
| ചക്കിപ്പരുന്ത് | Black kite |
| ചെമ്പരുന്ത് | Brahmini kite |
| കൂമൻ | Brow fish owl |
| കുറുക്കൻ | Indian jackal |
| ഒട്ടകപക്ഷി | Ostrich |
| എമു | Emu |

| | |
|---|---|
|  മ്ളാവ്Sambar deer | |
| നീർകാക്ക | Little cormorani |
|  മലയണ്ണാൻ Giant squirrel | |
| ഹിപ്പൊപൊട്ടാമസ് | hippopotamus |
| ബംഗാള് കടുവ | Bengal tiger |
| പുള്ളിമാൻ | Chital spotted deer |


| | |
|---|---|
|  ബംഗാൾകുരങ്ങൻ Rhesus macaque | |
| മരപ്പട്ടി | Indian palm civet |
| മീൻമുതല | Gharial |
| നാടൻകുരങ്ങ് | Bonnet macaque |
|  രാജവെമ്പാല King cobra | |
| ഉടുമ്പ് | Common Indian monitor |
| മൂർഖൻ | Cobra |
| മലമ്പാമ്പ് | Indian rock python |

| | |
|---|---|
| ശംഖുവരയൻ | Common krait |
| ഇരുതലമൂരി | Red sand boa |
|  വെള്ളിമൂങ്ങ Barn owl | |

***ബ്ലെസ്സി***

# എന്റെ മുറ്റത്തെ നന്മമരം




സമ്പൂർണ്ണ പ്ലാസ്റ്റിക് മാലിന്യ നിർമാർജനയജ്ഞം
"മുക്തി"
SPC പ്രോജക്റ്റ്
ജി.എച്ച്.എസ്.എസ്. പട്ടിക്കാട്
SPC PROJECT GHSS PATTIKKAD
മുക്തി
Sri. P VIJAYAN IPS, DIG Intellegence
State Nodal Officer
SPC Project
"MUKTHI" is a great initiate of student Police Cadets of Government School, Pattikkad, Thrissur. Cadets collects plastic waste of their Panchayath area and hands over to the recycling agents. Our cadets are becoming change agents in society. Let's follow their path. Well done the future leaders democratic India. A great act of Beautiful minds".

സ്കൂൾ എസ്.ആർ.ജി. മുക്തിക്ക് സർവ്വപിന്തുണയും പ്രഖ്യാപിച്ചു. ജൂൺ 29 ന് നടക്കുന്ന ഉദ്ഘാടന യോഗത്തിൽ വിശിഷ്ടാതിഥികൾക്ക് പൂച്ചെണ്ടുകളോടൊപ്പം പ്ലാസ്റ്റിക് രഹിത മികവുകളും നൽകണമെന്ന് തീരുമാനിച്ചു. വിദ്യാലയ ക്ലബ്ബ് പ്രവർത്തനങ്ങളുടെ ഭാഗമായി കുരുത്തോല പൂച്ചെണ്ടും പൂപ്പാത്രവും ഗണിത പന്തും പേപ്പർ ബാഗും ചുമർ പത്രികയുമൊക്കെ തയ്യാറാക്കി. പ്ലാസ്റ്റിക് ഉപേക്ഷിക്കൂ ഭൂമിയെ രക്ഷിക്കൂ എന്ന സന്ദേശം നൽകുന്ന വിധത്തിലാണ് ഉദ്ഘാടന യോഗവേദി ഒരുക്കിയത്





ജൂൺ 29 – തിങ്കൾ– "പ്ലാസ്റ്റിക്മാലിന്യനിർമാർജ്ജനയജ്ഞം – മുക്തി–തൃശ്ശൂർ ജില്ലാ കളക്ടർ ശ്രീമതി. എം.എസ്.ജയ ഐ.എ.എസ്. പ്ലാസ്റ്റിക് മാലിന്യങ്ങൾ റീസൈക്കിളിങ്ങിനായി കൈമാറിക്കൊണ്ട് ഉദ്ഘാടനം നിർവ്വഹിച്ചു.



കെ.പി. നന്ദിനി ടീച്ചർ രൂപകൽപന ചെയ്ത മുക്തിയുടെ ലോഗോ തൃശ്ശൂർ ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ ശ്രീ. സി.എ. സന്തോഷ്, അസിസ്റ്റന്റ് പോലീസ് കമ്മീഷണർ ശ്രീ. ശിവവിക്രം IPS എന്നിവർ സംയുക്തമായി പ്രകാശനം ചെയ്തു

ഒല്ലൂർ നിയോജകമണ്ഡലം എം.എൽ.എ. ശ്രീ. എം.പി. വിൻസെന്റ്, തൃശ്ശൂർ ജില്ലാ കളക്ടർ ശ്രീമതി.എം.എസ്. ജയ IAS തൃശ്ശൂർ സിറ്റി പോലീസ് കമ്മീഷണർ, ശ്രീ. കെ.ജി. സൈമൺ IPS, അസിസ്റ്റന്റ് പോലീസ് കമ്മീഷണർ ശ്രീ. ശിവവിക്രം IPS, SPC പ്രൊജക്ട് ജില്ലാ നോഡൽ ഓഫീസർ ശ്രീ. പി.എ. മുഹമ്മദ് ആരിഫ് എന്നിവർ SPC പ്രൊജക്ടിന്റെ " മുക്തി" "പ്ലാസ്റ്റിക് മാലിന്യനിർമാർജ്ജനയജ്ഞത്തിൽ ഞങ്ങളും പങ്കാളികളാകുന്നു" എന്നെഴുതിയ ബാനറിൽ ഒപ്പുവെച്ചുകൊണ്ടും വേണ്ടത്ര മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയും "മുക്തി" പദ്ധതിക്ക് പ്രചോദനം നൽകി.



ജൂലയ് 4 പ്ലാസ്റ്റിക്ക് ക്യാരിബാഗ് വിരുദ്ധ ദിനത്തിന്റെ ഭാഗമായി കുട്ടികളെകൊണ്ട് പേപ്പർബാഗ് നിർമ്മിക്കുവാൻ പഠിപ്പിച്ചു കടകളിൽ വിതരണം ചെയ്തു



ജൂലയ്–SPC കേഡറ്റുകളുടെ നേതൃത്വത്തിലുള്ള വിദ്യാർത്ഥികളുടെ ക്രിയാത്മകമായ പ്രവർത്തനം രക്ഷിതാക്കളുടെയും നാട്ടുകാരുടെയും കണ്ണുതുറപ്പിച്ചു. കേഡറ്റുകൾ പഞ്ചായത്ത് ഗ്രാമസഭകളിൽ പോയി പ്ലാസ്റ്റിക്ക് മാലിന്യ നിർമാർജ്ജനത്തെ പറ്റിയും 'മുക്തി' പദ്ധതിയെ കുറിച്ചും ക്ലാസെടുത്ത സംഭവം കേരള ചരിത്രത്തിലെ സുപ്രധാന നാഴികകല്ലും SPC കേഡറ്റുകൾക്ക് പൊൻതൂവലും ആയി.






അടുത്ത ഘട്ടത്തിൽ വാർഡുതല പ്ലാസ്റ്റിക് മാലിന്യശേഖരണത്തിന്റെ ഉദ്ഘാടനവും, ശേഖരിയ്ക്കപ്പെട്ടനപ്ലാസ്റ്റിക് മാലിന്യങ്ങളുടെ കൈമാറ്റവും നടത്തികൊണ്ട് ബഹു. ഒല്ലൂർ നിയോജകമണ്ഡലം MLA **ശ്രീ. എം.പി. വിൻസെന്റ്** പദ്ധതിയുടെ അടുത്ത ഘട്ടത്തിന് തുടക്കം കുറിച്ചു.

# നമ്മൾ ഒന്നാണ്


ഒരുമയോടെ കേരളം


കൈപിടിച്ചുയർത്താം
നവ
കേരളം.......


പ്രളയം.......
നവ കേരളം...
ജാതി, മതം, ദൈവം,
ഇനി കേരളത്തിൽ
ഇവയെല്ലാം ഒന്ന്
ഒന്നാണു
നമ്മൾ...
ഒന്നുചേർന്ന് കേരളം
നവകേരളം.


Thank You!